LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതിവെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കോവിഡ് കേരള സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കിയ മാറ്റം

99 (484) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിന്റെ രണ്ടാം വ്യാപനത്തിന്റെ ഭാഗമായി കേരള സമ്പദ് വ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ പരിശോധിച്ച് പഠന വിധേയമാക്കുന്നതിന് പ്രത്യേക കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ്-19 രണ്ടാംതരംഗം സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഏൽപ്പിച്ച സാമ്പത്തിക-സാമൂഹിക പ്രത്യാഘാതം, അതിനെ നേരിടാനുള്ള മാർഗ്ഗങ്ങൾ, മറ്റ് രാജ്യങ്ങൾ, സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ സർക്കാർ നടപടികളുടെ ഒരു അവലോകനം എന്നിവ വിഷയങ്ങളാക്കിക്കൊണ്ടുള്ള ഒരു പഠനം നടത്തുന്നതിനായി 18-8-2021-ലെ സ.ഉ.(സാധാ) നമ്പർ 5599/2021/ധന പ്രകാരം ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. GIFT ഇത് സംബന്ധിച്ച പഠനം നടത്തിവരുന്നു.

സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ

100 (485) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 'ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷ'നെ ചുമതലപ്പെടുത്തിയിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കോവിഡ്-19 രണ്ടാം തരംഗം സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഏൽപ്പിച്ച സാമ്പത്തിക-സാമൂഹിക പ്രത്യാഘാതം, അതിനെ നേരിടാനുള്ള മാർഗ്ഗങ്ങൾ; മറ്റ് രാജ്യങ്ങൾ, സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ സർക്കാർ നടപടികളുടെ ഒരു അവലോകനം എന്നിവ വിഷയങ്ങളാക്കിക്കൊണ്ടുള്ള ഒരു പഠനം നടത്തുന്നതിനായി 18-8-2021-ലെ സ.ഉ.(സാധാ) നമ്പർ 5599/2021/ധന പ്രകാരം ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. GIFT ഇത് സംബന്ധിച്ച പഠനം നടത്തിവരുന്നു.

പൊതുമേഖലയിലെ പങ്കാളിത്ത പെൻഷൻ പദ്ധതി

101 (486) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന എത്ര ബോർഡ്, കമ്പനി, കോർപ്പറേഷനുകളിൽ പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

2019-20-ലെ 'A Review of Public Enterprises in Kerala' പ്രകാരം സംസ്ഥാനത്തെ 105 പൊതുമേഖലാ സ്ഥാപനങ്ങളിൽ കമ്പനീസ് ആക്ടിലെ നിബന്ധനകൾ പ്രകാരം രൂപീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം 1952-ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം ആണ് അനുവർത്തിക്കുന്നത്. എന്നാൽ സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളായ കേരള വാട്ടർ അതോറിറ്റി, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നിവർ സർക്കാർ പെൻഷൻ സ്കീം ആണ് ഉപയോഗിക്കുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ ഇപ്പോൾ കമ്പനീസ് ആക്ടിന് കീഴിൽ കൊണ്ടുവന്നെങ്കിലും പ്രസ്തുത സ്ഥാപനം ഇപ്പോഴും സംസ്ഥാന സർക്കാരിന്റെ പെൻഷൻ സ്കീം ആണ് അനുവർത്തിക്കുന്നത്. 1-4-2013-ൽ സംസ്ഥാന സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി ആരംഭിച്ചതുമുതൽ മേൽ സൂചിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്ക് മാറിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര പങ്കാളിത്ത പെൻഷൻ ജീവനക്കാരുണ്ടെന്ന് സ്ഥാപനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ?